# YOUNG FAMILY

APOSTOLATE OF YOUNG FAMILIES • THE MALANKARA SYRIAN CATHOLIC CHURCH

ISSUE : 1
MAY 2023



## മലങ്കര സുറിയാനി കത്തോലിക്കാ സഭ

യുവ കുടുംബ പ്രേഷിത മുഖപത്രം

# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| യുവ ദമ്പതികളുടെ പ്രാർത്ഥന | 04 |
| പിതൃമൊഴി | 05 |
| യുവകുടുംബ പ്രേഷിത ശുശ്രൂഷ - കാലഘട്ടത്തിന്റെ അനിവാര്യത | 08 |
| സഹവാസം: ദാമ്പത്യജീവിതശൈലി | 09 |
| പ്രത്യാശയുടെ ഉറവിടങ്ങൾ | 12 |
| വ്യക്തിബന്ധങ്ങൾ വിളകളാണ് | 13 |
| രക്ഷാകർതൃത്വം - വിളിയും കലയും | 14 |
| കാര്യം നിസാരം പ്രശ്നം ഗുരുതരം | 16 |
| Marriage is beautiful | 17 |



**PATRON**
HIS BEATITUDE CARDINAL
MORAN MOR BASELIOS CLEEMIS
MAJOR ARCHBISHOP CATHOLICOS

**CHAIRMAN**
HIS EXCELLENCY
MOST REV. DR. THOMAS MAR EUSEBIUS

**SECRETARY**
REV. FR. THOMAS MADUKKAMMOOTTIL

**ANIMATOR**
REV. SR. MARY DOMNIC DM



EMAIL
smccyoungfamilies@gmail.com
ADDRESS
APPOSTOLATE OF ACCOMPANYING YOUNG FAMILIES
CATHOLICATE CENTRE, PATTOM,
TRIVANDRUM - 695 003



**DESIGN & LAYOUT**
JUSTIN P STEPHEN
(MISTICA CREATIONS : 9746186059)

# എഡിറ്റോറിയൽ

## യുവകുടുംബ അനുയാത്ര

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പുതുതായി രൂപംകൊള്ളുന്ന കുടുംബങ്ങളെ അജപാലനപരമായി പിൻചെല്ലുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് രൂപം കൊടുത്ത പുതിയ ശുശ്രൂഷാ മേഖലയാണ് യുവകുടുംബ പ്രേഷിതത്വം. വിവാഹ കൂദാശയിൽ ദമ്പതികൾ സ്വീകരിക്കുന്ന കൃപകളെ പൂർണ്ണതയിൽ ജീവിക്കാൻ അവരെ സഹായിക്കുക എന്നതാണ് ഈ പ്രേഷിതശുശ്രൂഷയുടെ ലക്ഷ്യം. ചുരുക്കത്തിൽ, വിവാഹജീവിതത്തിന്റെ ആദ്യ ദശകത്തിൽ യുവകുടുംബങ്ങളോടൊപ്പമുള്ള സഭയുടെ അനുയാത്രയാണ് ഈ ശുശ്രൂഷ.

സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാനമായ കുടുംബം കാലഘട്ടം ഉയർത്തുന്ന പല വെല്ലുവിളികളും അഭിമുഖീകരിക്കുന്നു. വിവാഹം, കുടുംബം എന്നിവയുടെ പരിശുദ്ധിയും പവിത്ര സങ്കല്പങ്ങളും മാറ്റത്തിന് വിധേയമായി. ഇക്കാരണത്താൽ ഭാര്യാ-ഭർതൃബന്ധത്തിലും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിലും അപചയങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ, ദാമ്പത്യ ജീവിതത്തെകുറിച്ചുള്ള വികലമായ കാഴ്ചപ്പാടുകളും കുടുംബജീവിത സംബന്ധമായ പരിശീലനകുറവും ഭാര്യ-ഭർതൃ ബന്ധത്തിലെ ഊഷ്മളതകുറവിനും അകൽച്ചയ്ക്കും കാരണമാകുന്നു. ഇത്തരം സാഹര്യങ്ങൾ വിവാഹമോചനത്തിലേക്ക് ദമ്പതികളെ കൊണ്ടെത്തിക്കുന്നു. കുടുംബങ്ങളുടെ തകർച്ച സഭയേയും സമൂഹത്തേയും സാരമായി ബാധിക്കുമെന്നതിൽ സംശയമില്ല.

സഭയിൽ ആരംഭിച്ചിരിക്കുന്ന യുവകുടുംബ പ്രേഷിത ശുശ്രൂഷ ഈ കാലഘട്ടത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്നു. വിവാഹജീവിതത്തിന്റെ ആദ്യ പത്തു വർഷകാലം യുവദമ്പതികൾക്ക് താങ്ങും തണലുമായി അവരെ പ്രത്യേകമായി കരുതുവാൻ സഭ നടപ്പിലാക്കുന്ന ശുശ്രൂഷകൾ അനുഗ്രഹപ്രദമായിതീരണം. അതിനാവശ്യം സഭയൊന്നാകെയുള്ള കൂട്ടായ പ്രവർത്തനങ്ങളാണ്. ബഹു. വൈദികരും സന്യസ്തരും അൽമായ പ്രേഷിതരും ഒന്നുചേർന്ന് യുവകുടുംബങ്ങളെ പ്രാർത്ഥനയിലൂടെയും മറ്റ് ക്രമീകരണങ്ങളിലൂടെ ശക്തിപ്പെടുത്തുന്ന അനുയാത്രയാണ് ഈ ശുശ്രുഷ എന്ന് തിരിച്ചറിയാം. ഇതോടനുബന്ധിച്ചുള്ള വിവിധ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താം. ഇത്തരത്തിലുള്ള പ്രേഷിത ശുശ്രൂഷ വിഭാവനംചെയ്ത നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായേയും അഭിവന്ദ്യ പിതാക്കന്മാരെയും നന്ദിയോടെ ഓർക്കുകയും പ്രാർത്ഥനാപൂർവം അവരെ ദൈവകരങ്ങളിൽ സമർപ്പിക്കുകയും ചെയ്യാം.

**യുവ കുടുംബങ്ങൾക്കായുള്ള ഒരു കൈത്തിരിവെട്ടമാണ് Young Family എന്ന പേരിൽ തയ്യാറാക്കിയിരിക്കുന്ന ഓൺലൈൻ മാസിക. വായനയ്ക്കും പഠനത്തിനുമായി സവിനയം സമർപ്പിക്കുന്നു.**



**ഫാ. തോമസ് മടുക്കംമൂട്ടിൽ**
Secretary
Apostolate of Accompanying Young Families.

# യുവ ദമ്പതികളുടെ പ്രാർത്ഥന

സർവശക്തനായ ദൈവമേ, വൈവാഹിക കൂദാശയിലൂടെ, ക്രിസ്തുവിന്റെ മണവാട്ടിയായ സഭയിൽ, ഏകശരീരമായി, ഞങ്ങളെ ഒന്നിപ്പിച്ച, അവിടുത്തെ കൃപയ്ക്ക് നന്ദി. ജീവിതാവസാനംവരെ വിശ്വസ്തതയിലും വിശുദ്ധിയിലും, പരസ്പരം സ്നേഹിച്ച് ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ. സുഖ-ദുഃഖങ്ങളിലും വിജയപരാജയങ്ങളിലും, കുടുംബജീവിതത്തിനായുള്ള അധ്വാനങ്ങളിലും, പങ്കുവയ്ക്കലിന്റെ സ്നേഹം ഞങ്ങളെ അഭ്യസിപ്പിക്കണമേ. വാക്കാലോ, പ്രവൃത്തിയാലോ, പരസ്പരം വേദനിപ്പിക്കാത്ത, കരുണയുടെയും കരുതലിന്റെയും ആത്മസന്തോഷത്താൽ, ഞങ്ങളെ നിറയ്ക്കണമേ. ഞങ്ങൾ ഏകമനസോടെ അങ്ങിൽ പ്രത്യാശയർപ്പിച്ച്, ഞങ്ങളുടെ ജീവിതം ആവശ്യപ്പെടുന്ന ത്യാഗങ്ങളെ രക്ഷാകരമാക്കി മാറ്റുവാൻ അനുഗ്രഹിക്കണമേ. മാതാപിതാക്കളോടുള്ള ആദരവും കരുതലും, രക്തബന്ധങ്ങളോടുള്ള സ്നേഹവും പരസ്പര ഐക്യവും ഞങ്ങളിൽ നിലനിർത്തണമേ. മക്കളെ അങ്ങയുടെ ദാനമായി കാണുന്നതിനും സ്വീകരിക്കുന്നതിനും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അവരെ വളർത്തുന്നതിനും ഞങ്ങൾക്ക് കൃപ നൽകണമേ. കരുണാമയനായ കർത്താവേ, അനുദിന ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിറവേറ്റി, നസ്രത്തിലെ തിരുകുടുംബം പോലെ ഉത്തമ കുടുംബജീവിതം നയിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ.

1 സ്വ. 1 കൃപ. 1 ത്രി.

**''ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും.''**
**(ജോഷ്വാ 24:15)**

ശ്രേഷ്ഠാനുമതി : മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ



# പിതൃമൊഴി

## യുവ കുടുംബങ്ങൾക്കായുള്ള പ്രേഷിത ശുശ്രൂഷ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

കുടുംബം എന്ന ദൈവകൃപയുടെ അടയാളം ഇന്ന് നേരിടുന്ന വെല്ലുവിളികളെപ്പറ്റി 2019 സെപ്റ്റംബറിൽ നടന്ന നമ്മുടെ സഭയുടെ ദ്വിതീയ അസംബ്ലിയിൽ നാം പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നല്ലോ. കുടുംബങ്ങളെ സംബന്ധിച്ച നമ്മുടെ അജപാലനപരമായ ക്രമീകരണങ്ങളിൽ പുതിയ ഉണർവും ഉൽസാഹവും ഉൾക്കൊള്ളുന്നതിന അസംബ്ലി ഇടയാക്കിയിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നമ്മുടെ സത്വരമായ ശ്രദ്ധ ആവശ്യമുള്ള ഒരു മേഖലയാണ് യുവ കുടുംബങ്ങളുടെ അജപാലന പരിപാലനം. ഒരു പുതിയ കുടുംബം രൂപീകരിക്കപ്പെടുന്ന പ്രാരംഭവർഷങ്ങൾ വിവാഹകൂദാശയുടെ കൃപകൾ സവിശേഷമായി അനുഭവിക്കാവുന്ന കാലമാണ്. അതേ സമയം അത്, മാനുഷികമായി, വിവാഹജീവിതത്തിലെ ഏറ്റവുമധികം വെല്ലുവിളികൾ നിറഞ്ഞ കാലവുമാണ്. ദമ്പതികൾ പരസ്പരം വാഗ്ദാനം ചെയ്യുന്ന സ്നേഹം ദൈവത്തിന്റെ കൃപയിൽ പരസ്പരമുള്ള സമർപ്പണമായി രൂപപ്പെടുന്നത് പ്രധാനമായും ഈ കാലയളവിലാണ്. ജീവിതത്തിന്റെ എല്ലാ പ്രായോഗികമായ വശങ്ങളിലും പരസ്പരം ഇടം നൽകുന്നതിന ദമ്പതികൾ ഇക്കാലത്ത് പരിശീലിക്കുന്നു. ആരംഭനാളുകളിൽ എടുക്കുന്ന തീരുമാനങ്ങൾ ഒരു കുടുംബത്തെ സംബന്ധിച്ച് അടിസ്ഥാനപരമാണ്. ദമ്പതികൾ അവരുടെ മാതൃകുടുംബങ്ങളോട് ബന്ധപ്പെടുന്ന രീതികൾ, മക്കളെ വളർത്തുന്നതിൽ സ്വീകരിക്കുന്ന ആഭിമുഖ്യങ്ങൾ, പാർപ്പിടവും തൊഴിലും വരുമാനവുമുൾപ്പെടെ അടിസ്ഥാന ജീവിതസൗകര്യങ്ങളിൽ നടത്തുന്ന തെരഞ്ഞെടുപ്പുകൾ - ഇങ്ങനെ ഒരു കുടുംബത്തെ രൂപപ്പെടുത്തുന്ന പ്രധാന തീരുമാനങ്ങളെല്ലാം വിവാഹത്തിന്റെ ആദ്യവർഷങ്ങളിൽ കൈക്കൊള്ളുന്നവയാണ്. ആത്മീയമായ ജീവിതത്തിൽ ഒരുമിച്ച് നടക്കുന്നതിനും അവർ പരിശീലിക്കുന്നത് ഈ കാലയളവിലാണ്.

എല്ലാ കൂദാശകളുടെയും സ്വീകരണം അവയ്ക്ക് യോജിക്കുന്ന ഒരുക്കത്തോടെ ക്രമീകരിക്കുകയും, അവ പ്രദാനം ചെയ്യുന്ന കൃപകളെ ബലപ്പെടുത്തുന്നതിന സഭാമക്കളെ യഥോചിതം സഹായിക്കുകയും ചെയ്യുന്നത് സഭയുടെ അജപാലനപരമായ സമർപ്പണത്തിന്റെ പരമ പ്രധാനമായ ഭാഗമാണ്. വിവാഹത്തെ സംബന്ധിച്ച് ഈ ശുശ്രൂഷ കുടുംബ പ്രേഷിതത്വം (ഫാമിലി അപ്പോസ്തലേറ്റ്) എന്ന പേരിൽ നമ്മുടെ രൂപതകളിൽ കാര്യക്ഷമമായി നടക്കുന്നുണ്ട്. എന്നാൽ വിവാഹജീവിതത്തിന്റെ ആരംഭകാലത്ത് ദൈവികമായി ലഭിക്കുന്ന കൃപയുടെ സമൃദ്ധി കൂടുതൽ ഫലദായകമായിത്തീരുന്നതിനും, പ്രത്യേക വെല്ലുവിളികൾ നേരിടുന്നതിനും നവകുടുംബങ്ങളെ സവിശേഷമായി സഹായിക്കേണ്ടതുണ്ട്. ഇതിനായി യുവകുടുംബങ്ങളെ അജപാലനപരമായി അനുധാവനം ചെയ്യുന്നതിനുള്ള ഒരു പ്രേഷിത ശുശ്രൂഷ (Apostolate) പുതുതായി നമ്മുടെ സഭയിൽ ക്രമപ്പെടുത്തുകയാണ്. Accompanying Young Families (AYF) എന്നാണ് ഈ ശുശ്രൂഷ വിളിക്കപ്പെടുക.

വിവാഹജീവിതത്തിന്റെ ആരംഭത്തിൽ പരസ്പരം സ്നേഹിക്കാനെ ടുക്കുന്ന തീരുമാനത്തെ ദൈവ മഹത്വത്തിനു യോജിച്ച പരസ്പര സമർപ്പണമായി വളർത്താൻ യുവകുടുംബങ്ങൾക്ക് ആത്മീയവും മാനസികവും സാമൂഹ്യവുമായ തുണ നൽകുക എന്നതാണ് ഈ ശുശ്രൂഷയുടെ ലക്ഷ്യം. പാറശ്ശാല

ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് തിരുമേനി സഭാതലത്തിൽ ഈ ശുശ്രൂഷയുടെ മേൽനോട്ടം നിർവഹിക്കുന്നതായിരിക്കും. ബഹു. തോമസ് മടുക്കമൂട്ടിൽ അച്ചൻ ഇതിന്റെ സഭാതല കാര്യദർശിയായും (Secretary) ബഹു. സിസ്റ്റർ മേരി ഡൊമിനിക് ഡി.എം. സഹകാര്യദർശിയായും ശുശ്രൂഷ ചെയ്യുന്നതാണ്. ഈ പ്രേഷിത ശുശ്രൂഷയുടെ ഒരു പ്രാഥമിക രൂപരേഖ ഇതിനകം തയ്യാറായിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ രൂപപ്പെടുത്തുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനുമുള്ള കൂടുതൽ വിപുലമായ സ്ഥിരം ആലോചനാ സമിതികളും സംവിധാനങ്ങളും താമസംവിനാ ഏർപ്പെടുത്തുന്നതായിരിക്കും.

വിവാഹം കഴിഞ്ഞ് പത്തു വർഷം പൂർത്തിയാകുന്നതുവരെ ദമ്പതികൾ, ഏത് പ്രായത്തിലും ജീവിതസാഹചര്യത്തിലും ഉള്ളവരായാലും, ഈ പ്രേഷിതത്വത്തിൽ പ്രാഥമിക അംഗങ്ങളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇതിലുള്ള അംഗത്വമോ ഏതെങ്കിലും സവിശേഷ ചുമതലയോ സഭയിലെ മറ്റു സംഘടനകളിലുള്ള അംഗത്വത്തിനോ ചുമലതലകൾക്കോ തടസ്സമാവുകയില്ല.

ഈ പ്രേഷിതത്വത്തിന്റെ പ്രാഥമിക തലം ഇടവകസമൂഹങ്ങളാണെന്ന് വ്യക്തമാണല്ലോ. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അവരുടെ നിയോഗത്താൽ തന്നെ ഈ ശുശ്രൂഷയുടെ ആത്മീയ നിയന്താതാക്കൾ ആയിരിക്കും. മൂന്നിൽ കൂടുതൽ യുവകുടുംബങ്ങൾ ഉള്ള ഇടവകകളിൽ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന യുവദമ്പതികളിൽനിന്നു തന്നെ ഒരു സെക്രട്ടറിയെ തെരഞ്ഞെടുക്കാവുന്നതാണ്. യുവകുടുംബങ്ങളുടെ ആത്മീയ ജീവിതം ബലപ്പെടുത്തുന്നതിനും, കുടുംബജീവിതത്തിലെ പരസ്പര വിനിമയം മെച്ചപ്പെടുത്തുന്നതിന ഉതകുന്ന മാനസികവും ആത്മീയവുമായ സഹായങ്ങൾ നൽകുന്നതിനും ദമ്പതികളുടെ സഭാജീവിതത്തിലുള്ള പങ്കാളിത്തം സജീവമാക്കുന്നതിനുള്ള പ്രോൽസാഹനം നൽകുന്നതിനുമാണ് ഈ തലത്തിൽ നാം ശ്രദ്ധിക്കേണ്ടത്.

മേജർ അതിരൂപതാ/അതിരൂപതാ/രൂപതാതലങ്ങളിലും, രൂപതകൾക്കുള്ളിൽ മേഖലാതലങ്ങളിലുമായിട്ടാണ് ഈ ശുശ്രൂഷയുടെ നേതൃത്വം ക്രമീകരിച്ചിരിക്കുന്നത്. രൂപതാതലങ്ങളിൽ ഡയറക്റ്ററുടെ ചുമതല വഹിക്കുന്നതിന ഒരു വൈദികനെയും, സഹായത്തിനായി ഒരു സിസ്റ്ററിനെയും ഒരു അൽമായ സെക്രട്ടറിയെയും രൂപതാദ്ധ്യക്ഷന്മാർ ഇതിനകം നിശ്ചയിച്ചിട്ടുണ്ട്. മേഖലാ തലങ്ങളിൽ സമാനമായ ക്രമീകരണം ഉടൻ ഉണ്ടാകുന്നതായിരിക്കും. ദമ്പതികളുടെ ആത്മീയവും മാനസികവുമായ ബലപ്പെടുത്തലിനുള്ള ക്രിയാത്മക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, ദമ്പതികൾക്കിടയിലുണ്ടാകുന്ന ഗൗരവമായ പ്രശ്നങ്ങൾക്ക് ഉചിതമായ പരിഹാരം നൽകുന്നതിനുമുള്ള ശുശ്രൂഷകൾ ഈ തലങ്ങളിൽ ക്രമീകരിക്കപ്പെടും. പ്രത്യേകിച്ച് യുവകുടുംബങ്ങളുടെ സ്വകാര്യതയെ പൂർണ്ണമായി മാനിച്ചും, അവരുടെ മാനസികവും ആത്മീയവുമായ ഐക്യം നിലനിൽക്കുന്നത് ദൈവേഷ്ടമായി മനസ്സിലാക്കിയും ഉത്തരവാദിത്തത്തോടെ ശുശ്രൂഷ ചെയ്യുന്ന വൈദികരും സന്യസ്തരും മറ്റു വിദഗ്ധരും അടങ്ങുന്ന ഒരു റിസോഴ്സ് റ്റീം രൂപതാ തലങ്ങളിലും മേഖലാതലങ്ങളിലും രൂപീകരിക്കപ്പെടേണ്ടതാണ്. ഈ ടീമുകൾ രൂപീകരിക്കുന്നതിനുള്ള അടിസ്ഥാന മാർഗനിർദ്ദേശങ്ങൾ ചുമതലപ്പെട്ടവർക്ക് നൽകുന്നതായിരിക്കും. ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അജപാലകർക്കും മറ്റുള്ളവർക്കും ആവശ്യമായ സവിശേഷ പരിശീലന പദ്ധതികൾ നിശ്ചയിച്ച് യഥാകാലം അറിയിക്കുന്നതാണ്. ദമ്പതികൾക്ക് ധ്യാനം, ആവശ്യമായ സന്ദർഭങ്ങളിൽ കൗൺസലിംഗ് മുതലാവയ ക്രമീകരിക്കുന്നതിനുതകുന്ന സ്ഥിര അജപാലന സൗകര്യങ്ങൾ രൂപതാ തലങ്ങളിൽ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും.

പ്രാരംഭ പ്രവർത്തനമായി കഴിഞ്ഞ പത്തുവർഷങ്ങളിൽ (2012 ജനുവരി മുതൽ) വിവാഹിതരായ എല്ലാവരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിന ഒരു ഫോം എല്ലാ ഇടവകകളിലും എത്തിക്കുന്നതാണ്. നിശ്ചയിച്ചിരിക്കുന്ന സമയപരിധിയിൽ വിവര ശേഖരണം പൂർത്തിയാക്കുന്നതിന ബഹു. വികാരിയച്ചന്മാർ സഹായിക്കണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

നമ്മുടെ സഭ പുതുതായി ഏറ്റെടുത്തിരിക്കുന്ന ഈ അജപാലന സമർപ്പണം അനേകർക്ക് കൃപയുടെ മാർഗമായിത്തീരുന്നതിന സഭാമക്കളുടെയെല്ലാം പ്രാർത്ഥനാപൂർവമായ സഹകരണം ഉണ്ടാകണമെന്ന് ഞാൻ സ്നേഹപൂർവം ഉദ്ബോധിപ്പിക്കുന്നു. അജപാലകരും അജപാലന മേൽനോട്ടത്തിൽ സഹായിക്കുന്നവരും ഇക്കാര്യങ്ങളിലുള്ള അവരുടെ ഉത്തരവാദിത്വങ്ങൾ ശ്രദ്ധയോടും

ഉൽസാഹത്തോടെയും നിർവഹിക്കേണ്ടതാണ്. പ്രത്യേകിച്ചും ഇക്കാര്യങ്ങളിൽ ലഭിക്കുന്ന നിർദേശങ്ങൾ നമ്മുടെ സഭയുടെ പൊതുനിയോഗമായിക്കണ്ട് ഗൗരവമായി പാലിക്കണമെന്ന് ഏവരെയും ദൈവനാമത്തിൽ ഞാൻ ഓർമപ്പെടുത്തുന്നു.

ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ എന്നും ധാരാളമായി ഉണ്ടായിരിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,

+Baselios Cleemis

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.



# യുവകുടുംബ പ്രേഷിത ശുശ്രൂഷ

## കാലഘട്ടത്തിന്റെ അനിവാര്യത



മലങ്കര സുറിയാനി കത്തോലിക്ക സഭയിലെ യുവകുടുംബങ്ങളെ അജപാലനപരമായി അനുധാവനം ചെയ്യുവാൻ സഭാതലത്തിൽ ആരംഭിക്കുന്ന പ്രേഷിത ശുശ്രൂഷയാണല്ലോ Apostolate of Accompanying Young Families. മലങ്കര കത്തോലിക്കാ സഭയുടെ രണ്ടാമത്തെ അസംബ്ലി പ്രത്യേകമായി വിചിന്തനം ചെയ്തത് കൃപ നിറയുന്ന കുടുംബങ്ങളെകുറിച്ചാണ്. സഭാത്മകമായ ആ അസംബ്ലി അനുഭവം സവിശേഷമായ ഒരു അജപാലന ശ്രദ്ധയും കരുതലും സമർപ്പണവും യുവ കുടുംബങ്ങൾക്ക് നൽകണം എന്ന ഒരു ബോധ്യത്തിലേക്ക് നമ്മെ ആനയിച്ചു. കാരണം, സമകാലീന സമൂഹത്തിൽ സമാനതകൾ ഇല്ലാത്ത സങ്കീർണതകളും പ്രതിസന്ധികളും ആണ് യുവ കുടുംബങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നത്. പുതിയ കുടുംബ രൂപീകരണവും ക്രമീകരണവുമായി ബന്ധപ്പെട്ട നിരവധി വെല്ലുവിളികളെ ഈ കുടുംബാംഗങ്ങൾ നേരിടേി വരുന്നു. ദൈവകൃപാനുഭവത്തിന്റെ നിറവിൽ ആരംഭിക്കുന്ന ഈ കുടുംബങ്ങൾ ഈ കൃപാനിറവിൽ ജീവിക്കുവാനും വളരുവാനും സഹായിക്കേണ്ടത് സഭയുടെ അത്യന്താപേക്ഷിതമായ കടമയാണ്, കരുതലിന്റെ ഭാഗമാണ്. ഈയൊരു നിയോഗത്തോടുകൂടി നമ്മുടെ സഭയിൽ സമാരംഭിക്കുന്ന ഈ പ്രേഷിത ശുശ്രൂഷയ്ക്ക് ധാരാളമായ ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ഈ ശുശ്രൂഷയെ കാര്യക്ഷമമാക്കുവാൻ വിഭാവനം ചെയ്തിരിക്കുന്ന ഈ E - മാഗസിന് വിജയാശംസകളും നേരുന്നു.

**+ തോമസ് മാർ യൗസേബിയൂസ്**
ചെയർമാൻ,
Apostolate of Accompanying Young Families



# സഹവാസം: ദാമ്പത്യജീവിതശൈലി

ചിയോ ചിയാറിയായിൽനിന്നുള്ള യുവമിഥുനങ്ങളായ സ്റ്റെഫാനോ, വാലന്റിന എന്നിവർ പരിശുദ്ധ ഫ്രാൻസിസ് പാപ്പായോട് ഉന്നയിച്ച ചോദ്യം.

''പരിശുദ്ധ പിതാവേ, ഒരുമിച്ചുള്ള അനുദിനജീവിതം സുന്ദരമാണ്. അത് സന്തോഷവും പിന്തുണയും ഉളവാക്കുന്നു. പക്ഷേ അത് നേരിടേണ്ട ഒരു വെല്ലുവിളിയാണ്. അന്യോന്യം സ്നേഹിക്കുന്നത് എങ്ങനെയെന്ന് നാം പഠിക്കേണ്ടതുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ദമ്പതിമാർ എന്ന നിലയ്ക്ക് ഞങ്ങൾ അനുഷ്ഠിക്കേണ്ട ഒരു ജീവിതശൈലി, അനുദിന ജീവിതത്തിന്റെ ഒരു ആദ്ധ്യാത്മികത ഉണ്ട്. ഇക്കാര്യത്തിൽ പരിശുദ്ധ പിതാവേ, അങ്ങേക്ക് സഹായിക്കാൻ കഴിയുമോ?

മാർപാപ്പാ ഇങ്ങനെ പ്രതികരിച്ചു: ഒരുമിച്ച് ജീവിക്കുന്നത് ഒരു കലയാണ്. ക്ഷമാപൂർണവും, സുന്ദരവും, മനം കവരുന്നതുമായ ഒരു യാത്രയാണ്. പരസ്പരമുള്ള സ്നേഹം നേടികഴിഞ്ഞാൽ അത് അവസാനിക്കുന്നില്ല. പ്രത്യുത, ചുരുക്കത്തിൽ അത് ആരംഭിക്കുന്നിടത്ത് അത് നിലനിൽക്കുന്നു. അനുദിന യാത്രയ്ക്ക് ഏതാനും നിയമങ്ങളുണ്ട്. നിങ്ങൾ നേരത്തെ പറഞ്ഞ മൂന്ന് വാക്യങ്ങളിൽ അത് സംക്ഷേപിക്കാം. കുടുംബങ്ങളോട് ഞാൻ പല തവണ ആവർത്തിച്ചിട്ടുള്ള വാക്യങ്ങളാണവ. നിങ്ങൾക്കിടയിൽ ഉപയോഗിക്കുവാൻ ഇതിനോടകം അത് നിങ്ങൾ പഠിച്ചുകഴിഞ്ഞു. മര്യാദയോടെ, എന്നെ അനുവദിക്കുമോ, എനിക്ക് കഴിയുമോ എന്ന് ചോദിക്കുക. നിങ്ങൾ പറഞ്ഞു: ''നിങ്ങൾക്ക് നന്ദി'', ''ഞാൻ ഖേദിക്കുന്നു''.

മറ്റൊരുവന്റെ ജീവിതത്തിൽ പ്രവേശിക്കുന്നതിന് എനിക്ക് കഴിയുമോ? എന്നെ അനുവദിക്കുമോ? എന്ന് മര്യാദപൂർവം, ആദരവോടെ, കരുതലോടെ ചോദിക്കുക. ' ഞാനിത് ചെയ്തോട്ടെ? ഞങ്ങൾക്കുവേണ്ടി ഇത് ചെയ്യാൻ താങ്കൾക്ക് താല്പര്യമുണ്ടോ? എങ്ങനെ ചോദിക്കണം എന്ന് ഒരുവൻ പഠിക്കണം. ചുരുക്കത്തിൽ, അനുവാദം ചോദിക്കുക എന്നത് മറ്റുള്ളവരുടെ ജീവിതങ്ങളിൽ മര്യാദയോടെ എങ്ങനെ പ്രവേശിക്കും എന്നറിയൂ എന്നാണ് അർത്ഥമാക്കുന്നത്. അത് എളുപ്പമല്ല. എളുപ്പമേയല്ല. എങ്കിലും ചിലപ്പോൾ പെരുമാറ്റരീതികൾ

ഭാരപ്പെട്ടരീതിയിൽ ഉപയോഗിക്കപ്പെടുന്നു. പദയാത്രയ്ക്ക് ഉപയോഗിക്കുന്ന ബൂട്ടുകൾ പോലെ, യഥാർത്ഥന സ്നേഹം പൗരുഷവും കഠിനവുമായ രീതിയിൽ ഒരിക്കലും അടിച്ചേല്പിക്കപ്പെടുന്നില്ല. വി. ഫ്രാൻസിസിന്റെ ഫിയോറെറ്റിയിൽ നാം ഈ പ്രയോഗം കാണുന്നു. ''എന്തെന്നാൽ പ്രിയ സഹോദരാ അറിയുക, വിനയം ദൈവത്തിന്റെ ഗുണങ്ങളിൽ ഒന്നാണ്. എന്തെന്നാൽ വിനയം ഉപവിയുടെ സഹോദരിയാണ്. അത് വിദ്വേഷത്തെ ഇല്ലായ്മ ചെയ്യുന്നു. സ്നേഹം ഉദ്ദീപിപ്പിക്കുന്നു (അദ്ധ്യായം 37). അതെ. വിനയം സ്നേഹത്തെ ഉദ്ദീപിപ്പിക്കുന്നു. ഇന്ന്, നമ്മുടെ കുടുംബങ്ങളിൽ നമ്മുടെ ലോകത്തിൽ മിക്കപ്പോഴും അക്രമവും അഹങ്കാരവും നിറഞ്ഞിരിക്കുന്നിടത്ത് വിനയം അത്രയേറെ ആവശ്യമായിരിക്കുന്നു. ഭവനത്തിൽ ഇതിന് തുടക്കം കുറിക്കാം.

''നിങ്ങൾക്ക് നന്ദി''. ഈ വാക്കുകൾ പറയുവാൻ വളരെ എളുപ്പമാണെന്ന് തോന്നും. പക്ഷേ അങ്ങനെയല്ല എന്ന് നമുക്കറിയാം. പക്ഷേ അത് സുപ്രധാനമാണ്. നാം അത് കുട്ടികളെ പഠിപ്പിക്കുന്നു. പക്ഷേ നാം തന്നെ അത് മറക്കുന്നു. നന്ദി സുപ്രധാനമായ ഒരു വികാരമാണ്. ബുവനോസേ ഐറെസിൽവച്ച് ഒരു വൃദ്ധ എന്നോട് പറഞ്ഞു ''കുലീനതയുള്ള മണ്ണിൽ വളരുന്ന ഒരു പുഷ്പമാണ് നന്ദി. ഈ പുഷ്പം വളരാൻ ആത്മാവിന്റെ കുലീനത ആവശ്യമാണ്. നിങ്ങൾ ലൂക്കായുടെ സുവിശേഷം ഓർക്കുന്നുണ്ടോ? യേശു പത്ത് കുഷ്ഠരോഗികളെ സുഖപ്പെടുത്തുന്നു. ഒരുവൻ മാത്രമാണ് യേശുവിന് നന്ദി പറയുവാൻ തിരിച്ചുവന്നത്. കർത്താവ് പറയുന്നു. ബാക്കി ഒൻപതുപേർ. അവർ എവിടെയാണ്. ഇത് നമ്മുടെ കാര്യത്തിലും വാസ്തവമാണ്. നമുക്ക് കൃതജ്ഞത അർപ്പിക്കാൻ അറിയുമോ? നിങ്ങളുടെ ബന്ധങ്ങളിൽ, നാളെ വിവാഹ ജീവിതത്തിൽ, അപരൻ ദൈവത്തിന്റെ വരദാനമാണ് എന്ന അവബോധം സജീവമായി സൂക്ഷിക്കേത് സുപ്രധാനമാണ്. ദൈവത്തിന്റെ വരദാനങ്ങൾക്ക് നാം നന്ദി പറയുന്നു. നാം എല്ലായ്പോഴും അവയ്ക്ക് നന്ദി പറയണം. ഈ ആന്തരിക മനോഭാവത്തിൽ ഒരുവൻ എല്ലാ കാര്യങ്ങൾക്കും അപരന് നന്ദി പറയുന്നു. നിങ്ങൾ വിനയമുള്ളവനാണെന്ന് കാണിക്കാൻവേണ്ടി അപരിചിതരോട് ഉപയോഗിക്കേണ്ട ദയാവായ്പ് നിറഞ്ഞ ഒരു വാക്ക് വിവാഹജീവിതത്തിൽ നല്ല രീതിയിൽ മുമ്പോട്ട് പോകുവൻ വേണ്ടി നന്ദി പറയുന്നത് എങ്ങനെയെന്ന് നിങ്ങൾ അറിയേണ്ടിയിരിക്കുന്നു.

മൂന്നാമത്തേത്, ''അയാം സോറി''. ഞാൻ ഖേദിക്കുന്നു എന്നതാണ്. ജീവിതത്തിൽ നമുക്ക് മിക്കപ്പോഴും തെറ്റുപറ്റുന്നു. നാം ഒട്ടേറെ തെറ്റുകൾ ചെയ്യുന്നു. നാമെല്ലാവരും ചെയ്യും. ഒരു നിമിഷം നിൽക്കൂ. ഒരിക്കലും ഒരു തെറ്റും ചെയ്യാത്ത ആരെങ്കിലും ഒരുപക്ഷേ ഇവിടെ കണ്ടേക്കാം. അത് നിങ്ങളാണെങ്കിൽ ദയവായി കൈപൊക്കുക. ഒരിക്കലും തെറ്റ് ചെയ്യാത്ത ഒരു വ്യക്തി. നാമെല്ലാം അത് ചെയ്യും. നമ്മളെല്ലാവരും ഒരു പക്ഷേ, നാം തെറ്റുചെയ്യാത്ത ഒരു ദിവസംപോലും കടന്നുപോകുന്നില്ല. നീതിമാൻ ഒരു ദിവസം ഏഴ് തവണ പാപം ചെയ്യുന്നു എന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു. അങ്ങനെ നാം തെറ്റ് ചെയ്യുന്നു. അതിനാൽ ഞാൻ ഖേദിക്കുന്നു എന്ന ലളിതമായ വാക്കുകൾ ഉപയോഗിക്കേ ആവശ്യം ഉണ്ടാകുന്നു. പൊതുവേ, നാം ഓരോരുത്തരും അപരനെ കുറ്റപ്പെടുത്തുവാനും സ്വയം നീതീകരിക്കുവാനും തയ്യാറെടുത്തുനിൽക്കുവാണ്. ഇത് നമ്മുടെ പിതാവ് ആദത്തിൽനിന്ന് തുടങ്ങി, ദൈവം അവനോട് ഇങ്ങനെ ചോദിക്കുമ്പോൾ ''ആദം നീ പഴം തിന്നോ''? ഞാനോ ഇല്ല. അത് അവളാണ്. അവളാണ് എനിക്ക് അത് തന്നത്. ഞാൻ ഖേദിക്കുന്നു. എന്നോട് ക്ഷമിക്കുക എന്ന് പറയുന്നത് ഒഴിവാക്കുവാൻ മറ്റൊരാളെ കുറപ്പെടുത്തുന്നു. ഇത് ഒരു പഴങ്കഥയാണ്. ഒട്ടനവധി ദുരന്തങ്ങളുടെ ഉത്ഭവത്തിൽ നിലകൊള്ളുന്നത് ഒരു ജന്മവാസനയാണ്. സ്വന്തം തെറ്റുകൾ അംഗീകരിക്കുവാനും ക്ഷമ ചോദിക്കുവാനും നമുക്ക് പഠിക്കാം. ഇന്ന് ഞാൻ ശബ്ദമുയർത്തി, കയർത്തു സംസാരിച്ചു എങ്കിൽ എന്നോട് ക്ഷമിക്കണേ. നിങ്ങളോട് അഭിവന്ദനം ചെയ്യാതെ നാം കടന്നുപോയെങ്കിൽ ഞാൻ ഖേദിക്കുന്നു. ഞാൻ താമസിച്ചുപോയെങ്കിൽ എന്നോട് ക്ഷമിക്കണമേ. ഈയാഴ്ച ഞാൻ ഏറെ മൗനം പാലിച്ചു എങ്കിൽ ക്ഷണിക്കണമേ. ഒട്ടും ശ്രദ്ധിക്കാതെ ഞാൻ സംസാരിച്ചുവെങ്കിൽ.... ഞാൻ മറന്നുപോയി എങ്കിൽ എന്നോട് ക്ഷമിക്കണമേ...

ഞാൻ നിങ്ങളോട് കോപിച്ചു എങ്കിൽ എന്നോട് ക്ഷമിക്കണേ.... ഞാൻ ഖേദിക്കുന്നു എന്ന് ഒരു ദിവസം പല തവണ നമുക്ക് പറയാം. ഈ രീതിയിലും ഒരു ക്രൈസ്തവ കുടുംബം വളരുന്നു. പൂർണതയുള്ള ഒരു ഭർത്താവ് അല്ലെങ്കിൽ ഭാര്യയും ഇല്ല. സമ്പൂർണയായ ഒരു അമ്മായിയമ്മയെ ക്കുറിച്ച് നാം പരാമർശിക്കുകപോലും ഇല്ല. പാപികളായ നാം നിലനിൽക്കുന്നു. നമ്മെ നന്നായി അറിയുന്ന യേശു നമ്മെ ഒരു രഹസ്യം പഠിപ്പിക്കുന്നു. ക്ഷമ ചോദിക്കാതെ നമ്മുടെ ഭവനത്തിലേക്ക്, നമ്മുടെ കുടുംബത്തിലേക്ക് സമാധാനം തിരിച്ചുവരാതെ, ഒരു ദിവസവും അവസാനിക്കാൻ ഇടയാക്കരുത്. കലഹിക്കുക എന്നത് ഭാര്യാ - ഭർത്താക്കന്മാരെ സംബന്ധിച്ച് സ്വാഭാവികമാണ്. പക്ഷേ, എപ്പോഴും നിങ്ങൾ വഴക്കുകൂടിയ ഒരു കാര്യമുണ്ടാകും. ഒരു പക്ഷേ നിങ്ങൾക്ക് ഭ്രാന്തായിരുന്നു. ഒരു പക്ഷേ പാത്രങ്ങൾ പറന്നു നടന്നിരിക്കാം. പക്ഷേ, ദയവായി ഇത് ഓർക്കുക. സമാധാനമുാക്കാതെ, അനുരഞ്ജനപ്പെടാതെ, സൂര്യൻ അസ്തമിക്കാൻ ഒരിക്കലും അനുവദിക്കരുത്. ഒരിക്കലും, ഒരിക്കലും ഒരിക്കലും പാടില്ല. ഇത് ഒരു രഹസ്യമാണ്. സനേഹം നലനിർത്തുവാനും സമാധാനാമുണ്ടാക്കുവാനുമുള്ള ഒരു രഹസ്യം. ഭംഗിവാക്കുകൾ ആവശ്യമില്ല.... ചിലപ്പോൾ വളരെ ലളിതമായ ഒരു പ്രവൃത്തി. സമാധാനം സ്ഥാപിക്കപ്പെട്ടുകഴിയും. ഒരു ദിവസം പോലും അവസാനിക്കാൻ ഇടയാകരുത്. സമാധാനം സ്ഥാപിക്കാതെ ദിവസം അവസാനിക്കാൻ അനുവദിച്ചാൽ, അടുത്ത ദിവസം നിങ്ങളുടെ ഉള്ളിലുള്ളത് തണുത്ത് കട്ടിയാകും. സമാധാനമുണ്ടാക്കാൻ ഏറെ ബുദ്ധിമുട്ടും. ഓർക്കാൻ സമാധാനമുണ്ടാക്കാതെ സൂര്യൻ അസ്തമിക്കാൻ ഇടയാകരുത്. ഖേദം പ്രകടിപ്പിക്കാനും പരസ്പരം ക്ഷമ യാചിക്കാനും പഠിച്ചാൽ വിവാഹം ദീർഘകാലം നീണ്ടുനിൽക്കും. മുമ്പോട്ട് നീങ്ങും. വയോജനങ്ങൾ ഒരുമിച്ച് 50 വർഷം പൂർത്തിയാക്കുമ്പോൾ, ഇവിടെ പൊതു ദർശനത്തിന് വരും. അല്ലെങ്കിൽ സാങ്താ മാർത്തായിൽ ദിവ്യബലിയിൽ പങ്കെടുക്കാൻ എത്തും. ഞാനവരോട് ചോദിക്കും:



"ആര് ആരെ പിന്തുണച്ചു? ഇത് മനോഹരമാണ്. ഓരോരുത്തരും പരസ്പരം നോക്കും. എന്നെ നോക്കി ഇങ്ങനെ പറയും. രണ്ടുപേരും മനോഹരമാണ്. ഇത് സുന്ദരമായ ഒരു സാക്ഷ്യമാണ്.

***(2014 ഫെബ്രുവരി 14 വെള്ളിയാഴ്ച സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ സംഘടിപ്പിച്ച സംവാദത്തിൽനിന്ന്)***



# പ്രത്യാശയുടെ ഉറവിടങ്ങൾ



ഫാ. ജോസഫ് വള്ളിയാട്ട്

2011-ൽ നടന്ന മലങ്കര സുറിയാനി സഭയുടെ രണ്ടാം സഭാ അസംബ്ലി കുടുംബങ്ങളിൽ വെളിവാകുന്ന ദൈവകൃപയെക്കുറിച്ചാണ് പ്രാർത്ഥ നാപൂർവം പരിചിന്തിച്ചത്. അക്കാലത്തെ ആത്മപൂ രിതമായ ചർച്ചകളിൽ സഭയുടെ സവിശേഷമായ ശ്രദ്ധ പതിഞ്ഞ വിഷയമാണ് പുതിയ കുടുംബ ങ്ങൾ രൂപീകരിക്കപ്പെടുന്ന കാലത്ത് പുലർത്തേണ്ട സവിശേഷമായ ജാഗ്രതകൾ. ചർച്ചകൾക്ക് മാർഗ രേഖയായി പുറത്തിറക്കിയ കൃപനിറയുന്ന കുടുംബ ങ്ങൾ എന്ന പഠനരേഖയുടെ രണ്ടാം ഭാഗം ഈ വിഷയത്തിൽ മാതാപിതാക്കളും അജപാലകരും സഭാകൂട്ടായ്മ പൊതുവേയും പുലർത്തേണ്ടുന്ന കരുതൽ അക്കമിട്ട് പറയുന്നണ്ടുണ്ട്.

അസംബ്ലിയുടെ നടപടിക്രമങ്ങൾ പ്രായോഗിക പദ്ധതികളിലേക്ക് പ്രവേശിക്കുന്നതി നുമുൻപ് സഭയുടെയും ആഗോള മനുഷ്യ സമൂഹത്തിന്റെ തന്നെയും ശ്രദ്ധ പൂർണ്ണമായും കോവിഡ് എന്ന ഗൗരവമായ പ്രതിസന്ധികളി ലേക്ക് തിരിയാനിടയായി. എങ്കിലും അസംബ്ലിയുടെ വിവിധതലങ്ങളിൽ ഉയർന്നുവന്ന ആശയങ്ങൾ സഭയുടെ അജപാലന സമീപനങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ആ ആശയങ്ങളുടെ തുടർച്ചയായിട്ടാണ് നവകുടുംബങ്ങൾക്ക് വേണ്ടി യുള്ള അജപാലന ശ്രദ്ധ സഭയുടെ ഒരു സവിശേഷ പ്രേഷിത ശുശ്രൂഷയായി തിരിച്ചറിയുകയും അതിനു വേണ്ടുന്ന ക്രമീകരണങ്ങൾ സഭാതലത്തിൽ നടത്തുകയും ചെയ്തിട്ടുള്ളത്.

നവദമ്പതികൾ ദൈവത്തിന്റെ പരിപാലനയും കൃപയും കൂടുതൽ പ്രത്യക്ഷമായി അനുഭവിക്കു ന്നകാലമാണ് വിവാഹ കൂദാശയ്ക്കായി ഒരുങ്ങി അത് സ്വീകരിക്കുന്ന സമയം. കൂദാശാ സ്വീകരണ ത്തിനൊരുക്കുന്ന അജപാലന ശുശ്രൂഷ വളരെ സജീവമായി നമ്മുടെ സഭയിൽ നടക്കുന്നുണ്ടായി രുന്നു. എന്നാൽ കൃപാജീവിതത്തിന്റെ തുടർച്ചയിൽ ദമ്പതികൾ ബലം പ്രാപിക്കുന്ന കാലമാണ് ദാമ്പ ത്യത്തിന്റെ ആദ്യത്തെ ഒരു ദശകം. ഒരു വിത്ത് മുളച്ച് അത് വേരും വളവുമെടുത്ത് കാലാവസ്ഥ യോടും പരിതഃസ്ഥിതികളോടും പൊരുത്തപ്പെട്ട് വളർന്ന് വരുന്ന ആദ്യകാലം ഒരു വൃക്ഷം പിൽ ക്കാലത്ത് സ്വീകരിക്കുന്ന ആകൃതിയും പ്രകൃതി യുമെന്തെന്ന് തീരുമാനിക്കുന്നതിൽ ഗണ്യമായ സ്വാധീനം പുലർത്തുന്നുണ്ടെന്ന് നമുക്കറിയാം. അതുപോലെ തന്നെ ദാമ്പത്യത്തിന്റെ ആദ്യ ദശകം ദമ്പതികൾ ജീവിതകാലം മുഴുവൻ സ്വീകരിക്കുന്ന പന്ഥാവ് രൂപപ്പെടുന്ന കാലമാണ്. പരസ്പര സ്വീകരണത്തിന്റെ വിശദാംശങ്ങൾ അവർ ഇക്കാ ലത്ത് രൂപപ്പെടുത്തുന്നു. സ്വന്തം കൂരക്ക് കീഴിൽ സംരക്ഷിക്കപ്പെടേത് ആരൊക്കെയെന്ന് - മക്കൾ എത്ര വേണമെന്ന്, മാതാപിതാക്കളെ ഒപ്പം കൂട്ടേ തുണ്ടോ എന്നൊക്കെ - ഇക്കാലത്ത് തീരുമാനിക്കുന്നു. എവിടെ താമസിക്കണമെന്ന്, എന്തു ജോലി സ്വീകരിക്കണമെന്ന്, വരുമാന മാർഗങ്ങൾ എന്തൊക്കെ ആയിരിക്കണമെന്ന് - അങ്ങനെ അവരുടെ ജീവിത വഴികൾ ഏകദേശം പൂർണ്ണമായിത്തന്നെ അടിസ്ഥാന രൂപം പ്രാപിക്കുന്നത് ഇക്കാലത്താണ്. ഈ കാലഘട്ടം സവിശേഷമായ അജപാലന ശ്രദ്ധ തീർച്ചയായും അർഹിക്കുന്നുണ്ട്.

സഭയുടെയും സമൂഹത്തിന്റെയും അടിത്തറകൾ രൂപപ്പെടുന്നത് നവകുടുംബങ്ങളുടെ ആദ്യദശക ത്തിലാണെന്ന് സംശയമില്ലാതെ പറയാം. കൃപയുടെ തണലിൽ മുളയെടുത്ത്, ക്രിസ്തീയമായ പ്രത്യാശയിൽ തഴച്ച്, ആശ്വാസത്തിന്റെയും ആനന്ദത്തിന്റെയും തണലുകളായി നമ്മുടെ കുടുംബങ്ങൾ രൂപപ്പെടട്ടെ.



# വ്യക്തിബന്ധങ്ങൾ വിളകളാണ്



## ഫാ. ഡോ. അഗസ്റ്റിൻ കല്ലേലി

മനുഷ്യജീവിതത്തിൽ ഏറെ വിലപിടിപ്പുള്ള ഒന്നാണ് വ്യക്തിബന്ധങ്ങൾ. വിവാഹ, കുടുംബ, സൗഹൃദബന്ധങ്ങൾ ഇവയിൽപ്പെടും. കാലംകഴിയുന്തോറും ചില ബന്ധങ്ങൾ പുൽക്കൊടിപോലെ വാടിപ്പോകാറുണ്ട്. അതിൽ നമുക്ക് പരിഭവവുമില്ല. എന്നാൽ ചില ബന്ധങ്ങൾ മരണംവരെ മനോഹരമായി നിലനിൽക്കണമെന്ന് ആഗ്രഹമുണ്ട്. പ്രാരംഭത്തിലെ പ്രഭ നഷ്ടപ്പെടാതെ നെഞ്ചോട് ചേർത്തുവെക്കുന്ന ചില ബന്ധങ്ങൾ. അവയുടെ നഷ്ടം നമുക്ക് നീറുന്ന വേദനയായി മാറും. ഇത്തരത്തിലുള്ള ബന്ധങ്ങളെ വളർത്താനുള്ള ഏറ്റവും മൗലികമായ ഒരു കാര്യം നമുക്ക് ശ്രദ്ധിക്കാം.

പ്രകൃതിയിലേക്ക് നോക്കിയാൽ നാം മനസ്സിലാക്കുന്ന ഒരു സത്യമുണ്ട്. കള വളരണമെന്നുണ്ടെങ്കിൽ നാം ഒന്നും ചെയ്യേതില്ല, താനെ വളർന്നുകൊള്ളും. രണ്ടു ദിവസം മുറ്റം വൃത്തിയാക്കാതിരുന്നാൽ പുല്ലു മുളയ്ക്കുന്നത് കണ്ടിട്ടില്ലേ. എന്നാൽ വിള വളരണമെങ്കിലോ നന്നായി അധ്വാനിക്കണം. കർഷകനെ ശ്രദ്ധിച്ചിട്ടില്ലേ പച്ചക്കറികൾ, പഴവർഗങ്ങൾ, ധാന്യങ്ങൾ എന്നിവ ഉത്പാദിപ്പിക്കാൻ അവൻ കഠിനമായി അധ്വാനിക്കുന്നു. വിളകൾക്ക് അവശ്യസമയത്ത് കടകിളച്ച് വളം നൽകുന്നു. ചോല വെട്ടിമാറ്റി പ്രകാശം ഉറപ്പുവരുത്തുന്നു. അതുകൊണ്ടാണ് അവനല്ല ഫലംപുറപ്പെടുവിക്കുന്നത്. നിങ്ങളുടെ ബന്ധം ഒരു വിളയല്ലേ? അത് വളരണമെങ്കിൽ നന്നായി അധ്വാനിക്കണം. ചെടിക്ക് ജലം എന്നതുപോലെയാണ് ബന്ധത്തിന് അഭിനന്ദനം. പങ്കാളിയുടെ നന്മകളെ ബോധപൂർവം അഭിനന്ദിക്കുന്നത് ബന്ധത്തെ വളർത്തും.

ഒരുപക്ഷേ നിങ്ങൾക്ക് അഭിനന്ദിക്കാനുള്ള സ്വാഭാവികകഴിവ് കുറവായിരിക്കാം. അങ്ങനെയെങ്കിൽ അത് പരിശ്രമത്തിലൂടെ നേടിയെടുക്കണം. അതുപോലെതന്നെ നിങ്ങളുടെ മൊബൈൽ ഫോൺ ഉപയോഗം ബന്ധത്തെ തളർത്തുന്നതാണെങ്കിൽ ആ ഉപയോഗം പരിമിതപ്പെടുത്തുവാൻ വേണ്ടത് ചെയ്യണം. ബിസിനസ് പോലെയുള്ള സംരംഭങ്ങളെ വിജയിപ്പിക്കുവാൻ ഏകാഗ്രതയോടെ കഠിനാധ്വാനം ചെയ്യുന്ന മനുഷ്യൻ വ്യക്തിബന്ധങ്ങളെ വളർത്തുന്നതിൽ അത്രയും കഠിനാധ്വാനം ചെയ്യാറില്ല. കാരണം ബന്ധങ്ങൾ വളർന്നുകൊള്ളും എന്ന മിഥ്യാധാരണയാണ്. ഈ ധാരണയെ ബോധപൂർവം നീക്കംചെയ്യണം.

അതിനായി ഒന്നാമത് എന്റെ വ്യക്തിബന്ധം ഒരു ചെടിപോലെയാണ്. പോഷിപ്പിച്ചാലെ വളരൂ എന്ന് മനസ്സിൽ ആവർത്തിച്ച് അനുദിനം ഉരുവിടണം. രണ്ടാമതായി സ്ഥിരമായി ചെയ്ത് ബന്ധം വളർത്താൻ ഉതകുന്ന ഒരുകാര്യം കണ്ടെത്തി പ്രാവർത്തികമാക്കണം. വിവാഹബന്ധം ആണെങ്കിൽ അനുദിനം അര മണിക്കൂർ പങ്കാളിയുടെ അരികത്തിരുന്ന് സംസാരിക്കുക. മക്കളുമായിട്ടുള്ള ബന്ധമാണെങ്കിൽ മാതാപിതാക്കൾ അവരുടെ കഴിവുകളെ ആവർത്തിച്ച് പ്രോത്സാഹിപ്പിക്കുക. പ്രിയമുള്ളവരെ, അധ്വാനിച്ചാൽ വളരാത്ത ബന്ധങ്ങൾ ഒന്നുമില്ല. പരിശ്രമിച്ചുനോക്കൂ. ബന്ധങ്ങൾ ഊഷ്മളമാകും.

**FOR MORE VISIT RELIGHT RELATIONSHIP YOUTUBE CHANNEL**

# രക്ഷാകർതൃത്വം – വിളിയും കലയും



ഡോ. ജോജു ജോൺ

പൗരോഹിത്യവും സന്യസ്തവും പോലെതന്നെയുള്ള ദൈവവിളിയാണ് കുടുംബ ജീവിതം നയിക്കാനായുള്ള വിളി. എല്ലാ ദൈവവിളികളും രൂപപ്പെടുന്നത് കുടുംബത്തിൽ നിന്നാണ്. സഭയ്ക്കും സമൂഹത്തിനും അനുയോജ്യരായവരെ വാർത്തെടുക്കാനുള്ള വിളിയാണ് കുടുംബജീവിതം. ഭർത്താവിൽനിന്നും ഭാര്യയിൽനിന്നും അപ്പനിലേക്കും അമ്മയിലേക്കുമുള്ള വളർച്ച ദൈവത്തിന്റെ പദ്ധതിയാണ്. വളരെ ലളിതമായി ചിന്തിച്ചാൽ നമ്മുടെ മക്കളെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർത്താനുള്ള ദൗത്യം.

### 1. ദൈവം കാണുന്ന സ്വപ്നം

വ്യക്തിത്വ വികാസ പരിശീലകർ സ്വപ്നം കാണണം എന്ന് പറയും. സ്വപ്നം കാണുക എന്നതിലുപരി ദൈവം കാണുന്ന സ്വപ്നം കണ്ടെത്തുന്നതാണ് രക്ഷാകർതൃത്വം. എത്ര കുട്ടികൾ വേണം? അവർക്ക് എന്ത് പേരിടണം? അവരെ എന്ത് പഠിപ്പിക്കണം? ധാരാളം ചോദ്യങ്ങളുമുണ്ട്. ദൈവമെന്ത് പറയുന്നു – ദൈവം എന്ത് ആഗ്രഹിക്കുന്നു എന്ന് അന്വേഷിക്കണം. ദൈവം കാണുന്ന സ്വപ്നം നമ്മുടെ സ്വപ്നങ്ങളെക്കാൾ വലുതാണ് എന്നുറപ്പ്. അത് നാശത്തിനുള്ളതല്ല; ക്ഷേമത്തിനുള്ളതാണ്. നമുക്ക് സുരക്ഷിതമായ ഭാവിയും പ്രത്യാശയും നൽകുന്ന ജീവിതമാണത്. ദൈവഭക്തിയുള്ള മക്കളെയല്ലാതെ പിന്നെന്താണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടം തേടണം കുട്ടികൾ. കാരണം ദൈവം ഒരു സ്വപ്നം കണ്ട് അത് പൂർത്തിയാക്കാനാണ് കുട്ടിയെ വിട്ടിരിക്കുന്നത്.

### 2. കുഞ്ഞ് ദൈവത്തിന്റേതാണ്

ഖലീൽ ജിബ്രാൻ പറയുന്നു: ''നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളുടേത് അല്ല. അവർ നിങ്ങളിലൂടെ വന്നെന്നെയുള്ളൂ.'' ഒരു കാര്യസ്ഥന്റെ ജോലിയാണ് നാം ചെയ്യേണ്ടത്. വളർത്തി വലുതാക്കി ദൈവീക ദൗത്യം പൂർത്തിയാക്കാനായി അവരെ സമർപ്പിക്കണം

**3. മക്കൾ നന്നാവാൻ നമ്മളാണ് നന്നാവേണ്ടത്**

'മാറ്റം നിങ്ങളിൽ തുടങ്ങട്ടെ' എന്ന് മഹാത്മാഗാന്ധി പറഞ്ഞു. കുട്ടികളല്ല നന്നാവേണ്ടത് - മാതാപിതാക്കളാണ്. എല്ലാ ദുശീലങ്ങളും വേരോടെ പിഴുത് കളയണം. കരിക്കട്ട തീക്കട്ടയാകാൻ മഹാകാര്യമൊന്നും ചെയ്യണ്ട. തീക്കട്ടയുടെ മുകളിൽ കിടക്കണം. മാതാപിതാക്കളുടെ സാമിപ്യത്തിൽ ശ്രദ്ധയിൽ കുഞ്ഞുങ്ങൾ വളർന്ന് വരണം. മാതാപിതാക്കളുടെ സംശുദ്ധമായ ജീവിതം കുട്ടികളിലേക്ക് പകരപ്പെടുത്തുന്നതാണ് പേരന്റിംഗ്.

**4. ഒന്നും അടിച്ചേല്പിക്കരുത്**

നമ്മുടെ കാഴ്ചപ്പാടിലൂടെ കുട്ടികളെ കാണരുത്. ഒരു ചെടി വളരുന്നതുപോലെ അവർ വളരട്ടെ. സാഹചര്യങ്ങളെല്ലാം ഒരുക്കി കൊടുത്താൽ മാത്രം മതി.

**5. ആധികാരിക രക്ഷകർതൃത്വം ഏറ്റവും മികച്ചത്**

അധികാരിയെപ്പോലെ പെരുമാറുന്ന പേരന്റ് (Authoritarian Parenting) മികച്ചതല്ല. അവരുടെ മക്കൾ മുന്നോട്ട് വരില്ല. പൂർണസ്വാതന്ത്ര്യം കൊടുക്കുന്നതും (Permissive Parenting) ദോഷം ചെയ്യും. കുട്ടികളെ ശ്രദ്ധിക്കാതിരിക്കുന്നതും (Neglectful Parenting) നല്ലതല്ല. കൂട്ടുകൂടുകയും എന്നാൽ തിരുത്തേണ്ടത് തിരുത്തുകയും ചെയ്യുന്ന ആധികാരിക രക്ഷകർതൃത്വം (Authoritative Parenting)ആണ് ഏറ്റവും മികച്ചത്.

**6. കുട്ടികളുടെ ആവശ്യങ്ങൾ അറിയുക**

നല്ല വാക്ക്, സ്നേഹപൂർവമുള്ള സ്പർശനം, ഒരുമിച്ചുള്ള വിനോദം, ഗുണപരമായ സമയം, സംരക്ഷണം, യാത്രകൾ, നല്ല അനുഭവങ്ങൾ, സ്നേഹം, പ്രോത്സാഹനം, നല്ല ഭക്ഷണം, താമസം, വസ്ത്രം ഇവയെല്ലാം ഒരുക്കികൊടുക്കണം. കുഞ്ഞുങ്ങൾ സന്തുലിതമായി വളരട്ടെ.

**പേരന്റിംഗ് ഒരു കലയാണ്. പുതിയ ഗാന്ധിമാരെ, കലാമുമാരെ, മദർ തെരേസമാരെ രൂപപ്പെടുത്തുന്ന കല. നമുക്ക് ദൈവത്തിന്റെ കൈയ്യൊപ്പുള്ള മാതാപിതാക്കളാകാം.**



# കാര്യം നിസാരം പ്രശ്നം ഗുരുതരം



ഡോ. ഷെർളിൻ എലിസബേത്ത് മാമ്മൻ

ചെറിയ ചെറിയ സൗന്ദര്യ പിണക്കങ്ങൾ മുതൽ വളരെ സങ്കീർണ്ണമായ വഴക്കുകൾ വരെ കുടുംബത്തിൽ ദമ്പതികൾക്കിടയിൽ സാധാരണയായി കുവരാറുണ്ട്. രണ്ട് വ്യത്യസ്ത വ്യക്തിത്വങ്ങൾ ഒരുമിച്ച് ഇടപഴകുമ്പോൾ പൊരുത്തക്കേടുകൾ ഉണ്ടാകാം. കുടുംബ വഴക്കുകളുടെ മറ്റ് കാരണങ്ങൾ സാമ്പത്തിക വിഷയങ്ങളാകാം, ലൈംഗിക പ്രശ്നങ്ങളാകാം, കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ ഇടപെടലുകളാകാം. ലഹരി ഉപയോഗം, തെറ്റിദ്ധാരണകൾ, മാനസിക പ്രശ്നങ്ങൾ, ആശയ വിനിമയത്തിലുള്ള അപാകതകൾ എന്നിങ്ങനെ ഒരുപാട് മറ്റ് കാരണങ്ങളും കാണാം. എന്നാൽ പ്രശ്നങ്ങളോടുള്ള സമീപന രീതിയിലും അതിനെ കൈകാര്യം ചെയ്യുന്ന രീതിയിലുമാണ് വിജയപരാജയങ്ങൾ അടങ്ങിയിരിക്കുന്നത്.

CONFLICT RESOLUTION STYLES (പ്രശ്ന പരിഹാരത്തിന്റെ ശൈലികൾ)

1) Forcer (win-lose) അധികാര മനോഭാവത്തോടെ എപ്പോഴും സ്വന്ത താൽപര്യം സാധിച്ചെടുക്കുന്ന സ്വഭാവം

2) Accomodator (lose-win) എപ്പോഴും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുന്ന മനോഭാവം.

3) Avoider (lose-lose) പ്രശ്നങ്ങളെ സ്ഥിരമായി അവഗണിക്കുകയോ ഒഴിവാക്കുകയോ ചെയ്യുക.

4) Compromiser (lose-lose) പരസ്പര ധാരണയോടുകൂടി വിട്ടുവീഴ്ച ചെയ്യുക.

5) Collaborator (win-win) സഹകരണ പങ്കാളിത്വത്തോടെ പ്രശ്നപരിഹാരം ചെയ്യുന്നു.

കുടുംബ വഴക്കുകൾ ഒരിക്കലും ഒരു മൽസര ഇനമായി കാണരുത്. കുടുംബം ഒരു Team മായി കണ്ട് അഭിപ്രായ വ്യത്യാസങ്ങൾ നല്ല രീതിയിൽ കൈകാര്യം ചെയ്യുവാൻ കഴിഞ്ഞാൽ അത് കുടുംബമെന്ന Team ന്റെ വിജയമായി കണക്കാക്കാം.

**കുടുംബ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ചില മാർഗ്ഗ നിർദ്ദേശങ്ങൾ**

1) നമുക്ക് നല്ലൊരു കേൾവിക്കാരാകാം. മറ്റുള്ള വ്യക്തികൾക്ക് പറയുവാനുള്ളത്, വിഘ്നപ്പെടുത്താതെ ശ്രദ്ധാപൂർവ്വം കേൾക്കാം. മനസ്സിലാക്കാൻ ശ്രമിക്കാം. അവരുടെ കാഴ്ചപ്പാടുകളെയും വികാരങ്ങളെയും അംഗീകരിക്കാം.

2) നമ്മുടെ കാഴ്ചപ്പാടുകൾ സത്യസന്ധമായും വസ്തുതാപരമായും വിശദീകരിക്കാം. ശാന്തമായ സംഭാഷണ ശൈലി അവലംബിക്കാം.

3) നിലവിലുള്ള പ്രശ്നത്തെക്കുറിച്ച് മാത്രം ചർച്ചചെയ്യാൻ ശ്രമിക്കാം. പഴയ സംഭവങ്ങൾ, വ്യക്തികളെക്കുറിച്ചുള്ള പരാമർശങ്ങൾ എന്നിവ ഈ ചർച്ചയിൽ വരാതെ സൂക്ഷിക്കാം.

4) കുടുംബത്തിന്റെ ക്ഷേമം മാത്രം ലക്ഷ്യം വച്ച്, വിട്ടുവീഴ്ചാ മനോഭാവത്തോടും, പരസ്പര ധാരണയോടും, സഹകരണത്തോടും കൂടി പ്രശ്നപരിഹരത്തിനായി ആരോഗ്യപരമായ ചർച്ച നടത്താം.

കുടുംബമെന്ന ടീമിൽ ഓരോ വ്യക്തിക്കും
അർഹമായ ആദരവും സുരക്ഷിതത്വവും
കരുതലും സ്നേഹവാൽസല്യങ്ങളും
പ്രോൽസാഹനവും പ്രചോദനവും ലഭ്യമാക്കാൻ
Team ലെ ഓരോ അംഗവും ശ്രദ്ധിക്കണം.

# Marriage is beautiful!



**ആലീസ് മാത്യു**

എന്തിനാ കല്യാണം കഴിക്കുന്നത്? കാര്യമായും കളിയായും പലരും ചോദിക്കുന്ന ചോദ്യമാണ്. വിവാഹം കഴിഞ്ഞിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഇതിന് ഉത്തരം കിട്ടാത്തവരുണ്ട്. നേരംപോക്കായി ഇതിനെ കാണുന്നവരും ഏറെയാണ്. എന്തിനാണ് വിവാഹമെന്ന കൂദാശയിലേക്ക് രണ്ടു വ്യത്യസ്തരായ വ്യക്തികളെ ഈശോ ക്ഷണിക്കുന്നത്? ഇരുവരും വിശുദ്ധരാകാൻ. ഇതാണ് ഉത്തരം. ഈ ഉത്തരം കണ്ടെത്തുന്നവർ ആ ജീവിതത്തെക്കുറിച്ചു പറയും: Marriage is beautiful!

ഇങ്ങനെയൊക്കെ ജീവിക്കാൻ പറ്റുമോ? പറ്റും. എപ്പോൾ? ഈശോ കൂടെയുള്ളപ്പോൾ. ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ പറയുന്നു, വിവാഹിതരാകുന്നത് മൂന്നുപേരാണെന്ന്. മൂന്നാമനായ ഈശോ ഒപ്പമുണ്ടെങ്കിൽ എല്ലാം ബ്യൂട്ടിഫുൾ ആകും. ഒരു ചിന്ത പങ്കുവയ്ക്കാം. വിവാഹിതരാകുന്നവർ പരസ്പരം കോംപ്ലിമെന്ററി ആകണമെന്നാണ് ഈശോ പറയുന്നത്. എങ്ങനെയാണ് കോംപ്ലിമെന്ററിയാകുന്നത്?

പ്രശസ്ത വചന പ്രഘോഷകനായ സയന്റിസ്റ്റ്. കുറേ നാളത്തെ പ്രാർത്ഥനയ്ക്കും ഒരുക്കത്തിനും ശേഷമാണ് അദ്ദേഹം വിവാഹിതനാകുന്നത്. ഭാര്യയും ഉന്നത വിദ്യാഭ്യാസം നേടിയ വ്യക്തി. ബോംബെയിലായിരുന്നു അവരുടെ വിവാഹ ജീവിതത്തിന്റെ ആദ്യ നാളുകൾ. ജോലിസംബന്ധമായി അവിടെയായിരുന്നു. മിക്ക ദിവസവും അവരുടെ ബ്രേക്ക്ഫാസ്റ്റ് ബ്രഡും ജാമുമായിരുന്നു. അദ്ദേഹം വളരെ അടുക്കും ചിട്ടയും ഉള്ള ആളായിരുന്നു. ഭാര്യ അങ്ങനെയായിരുന്നില്ല.

ബ്രെഡും ജാമും കഴിക്കുന്ന ദിവസം അവർക്കിടയിൽ വഴക്കുണ്ടാകും. കാരണമിതാണ്. ജാം എടുത്തുകഴിഞ്ഞ് സ്പൂൺ മാറ്റാതെ അതിനുള്ളിലിട്ട് ജാം ബോട്ടിൽ അടച്ചുവയ്ക്കും. സ്പൂൺ കാരണം അടപ്പ് കൃത്യമായി അടയില്ല. അദ്ദേഹം ഭാര്യയോടു പറയും: "സ്പൂൺ മാറ്റി പ്രോപ്പർ ആയി അടച്ചുവയ്ക്ക്". ഭാര്യ അത് മൈന്റ് ചെയ്യില്ല. ഇത് ഒരു കാര്യം. ഇങ്ങനെ അവരുടെയിടയിൽ തർക്കങ്ങളും വഴക്കും കൂടി. പല കാര്യത്തിലും ചിട്ടയും ക്രമവുമുണ്ടായിരുന്ന ഭർത്താവ്

ഒപ്പം തന്റെ ചിട്ടയുള്ള ശീലത്തിലേക്ക് ഭാര്യയെ എത്തിക്കാനുള്ള ശ്രമങ്ങളും തുടങ്ങി. ഇത് അവരുടെ ഇടയിലെ കലം കൂട്ടിയതല്ലാതെ പ്രയോജനമൊന്നുമുണ്ടാക്കിയില്ല.

വല്ലാത്തൊരു മനസ്സു മടുപ്പോടെ അയാൾ പരാതിയുമായി കർത്താവിനെന്റെ മുന്നിലിരുന്നു. ഈശോ അയാളുടെ ഉള്ളിലേക്ക് ഇട്ടുകൊടുത്ത ചിന്ത ഇങ്ങനെയായിരുന്നു. ''എടാ, നീ കിടന്ന് ബഹളംവയ്ക്കുന്ന നേരത്ത് ആ സ്പൂൺ മാറ്റി നിനക്ക് ജാം ബോട്ടിൽ അടച്ചുവച്ചുകൂടേ?''

അടുത്ത ദിവസം മുതൽ അയാൾ ബഹളം അവസാനിപ്പിച്ചു. ക്രമമില്ലാത്ത, ചിട്ടയില്ലാത്ത ഭാര്യയുടെ ശീലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് കാര്യങ്ങൾ ചെയ്യാൻ തുടങ്ങി. പിന്നീടുവന്ന മാറ്റം അദ്ദേഹത്തെപ്പോലും അത്ഭുതപ്പെടുത്തുന്നതായിരുന്നു. പതിയെപ്പതിയെ ഭാര്യ ക്രമവും ചിട്ടയുമുള്ള ആളായി മാറാൻ തുടങ്ങി. ഇതാണ് പൗലോസ് ശ്ലീഹ പറയുന്നത്: ''ഇതൊരു വലിയ രഹസ്യമാണ്'' (എഫേ. 5:32).






ബലമുള്ളവർ ദുർബലരെ കുറ്റപ്പെടുത്തി കലഹിക്കാതെ അവരുടെ പോരായ്മകളിലേക്ക് ഇറങ്ങിച്ചെന്ന് സഹായിക്കണം. പലപ്പോഴും പെർഫെക്ട് എന്നു വിശേഷിപ്പിക്കാവുന്ന ഗുണമുള്ള ഭാര്യയോ ഭർത്താവോ അതില്ലാത്ത പങ്കാളിയോട് കലഹിക്കുകയാണ് പതിവ്. ഇവിടെ ഈശോ അറിഞ്ഞുതന്നെയാണ് ഇരുവരേയും കൂട്ടിച്ചേർക്കുന്നത്. നല്ല ക്ഷമയുള്ളയാളുടെ പങ്കാളി ക്ഷിപ്രകോപിയായിരിക്കും. ഷാർപ് മെമ്മറിയുള്ള ഒരാളുടെ പങ്കാളി മറവിയുള്ളവയാളായിരിക്കും. ഇവിടെ പരസ്പരം കുറ്റപ്പെടുത്താനും തല്ലുപിടിക്കാനുമല്ല ഈശോ ആഗ്രഹിക്കുന്നത്. മറിച്ച് അവരുടെ പേരായ്മകൾ നികത്തി, അവർക്കൊപ്പം നിൽക്കാനാണ്. ഒരുമിച്ചു നിൽക്കാനാണ് കൂട്ടിച്ചേർത്തത്. ക്ഷമയോടെ പങ്കാളിക്കൊപ്പം നിൽക്കാനെടുക്കുന്ന പരിശ്രമമാണ് വിശുദ്ധിയിലേക്കുള്ള പടി. ഇങ്ങനെ നമ്മുടെ അനുദിന ജീവിതം ചിട്ടപ്പെടുത്താനായാൽ ഈശോ ആഗ്രഹിക്കുന്ന വിശുദ്ധിയുടെ വഴിയിലൂടെതന്നെയാവും നമ്മുടെ യാത്ര. പരസ്പരം കോംപ്ലിമെന്ററി ആകാനാകണം. അതിനുള്ള കൃപ പരിശുദ്ധാത്മാവ് നമുക്ക് തരും.



## യുവ കുടുംബപ്രേക്ഷിത ശുശ്രൂഷ ഉദ്ഘാടനം

മലങ്കര കത്തോലിക്കാ സഭയുടെ യുവ കുടുംബ പ്രേക്ഷിത ശുശ്രൂഷ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു.




# യുവകുടുംബ പ്രേഷിതത്വം

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പുതുതായി രൂപം കൊള്ളുന്ന കുടുംബങ്ങളെ അജപാലനപരമായി പിൻചെല്ലുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് രൂപം കൊടുത്ത പുതിയ ശുശ്രൂഷാ മേഖലയാണ് **യുവകുടുംബ പ്രേഷിതത്വം.**

വിവാഹ കൂദാശയിൽ ദമ്പതികൾ സ്വീകരിക്കുന്ന കൃപകളെ പൂർണ്ണതയിൽ ജീവിക്കാൻ അവരെ സഹായിക്കുക എന്നതാണ് ഈ പ്രേഷിത ശുശ്രൂഷയുടെ ലക്ഷ്യം. ദൈവതിരുവിഷ്ടം അനുശാസിക്കുന്ന രീതിയിൽ ദമ്പതികൾ പരസ്പരമുള്ള സമർപ്പ ണത്തിൽ, മനുഷ്യജീവനെ പരിപോഷിപ്പിക്കാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കുകയും ക്രിസ്തുവിന്റെ സ്നേഹത്തിന് അവരുടെ ജീവിതത്തിലൂടെ സാക്ഷ്യം വഹിക്കുകയും ചെയ്യുമ്പോഴാണ് വിവാഹ കൂദാശയിൽ കൃപയുടെ ജീവിതം സാധ്യമാകുന്നത്. മലങ്കര സുറിയാനി കത്തോലിക്ക സഭാമക്കൾ എന്ന നിലയിൽ സഭയിലെ സജീവ പാരമ്പര്യത്തോട് ചേർന്ന് കൃപാജീവിതം സാധ്യമാക്കുന്നതിന് യുവകുടുംബ പ്രേഷിത ശുശ്രൂഷയിലൂടെ യുവദമ്പതികളെ സഹായിക്കുന്നു.

വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന എല്ലാ മലങ്കര കത്തോലിക്കാ ദമ്പതികളും ഈ ശുശ്രൂഷയുടെ സ്വാഭാവിക അംഗങ്ങളാണ്. വിവാഹജീവിതം ആരംഭിച്ച് ആദ്യത്തെ പത്തുവർഷങ്ങളിലുള്ള ദമ്പതികൾക്ക് സവിശേഷമായ ശ്രദ്ധ നൽകുന്നതാണ് ഈ പ്രേഷിതശുശ്രൂഷ.

**2012 ജനുവരി 1 മുതൽ വിവാഹിതരായ ദമ്പതികളാണ് ഈ ശുശ്രൂഷയിലെ അംഗങ്ങൾ.**






PUBLISHED BY

APOSTOLATE OF ACCOMPANYING YOUNG FAMILIES
CATHOLICATE CENTRE, PATTOM,
TRIVANDRUM – 695 003